ജൈവരസഗീതം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

ഏറെ വലുത് രാസവാദമെന്ന് പറഞ്ഞതെന്നാണ്?
അയലത്തെ തട്ടാന്റെ, രസക്കോപ്പയിൽ ഊതിയൂതി
സ്വർണ്ണം ഉതിരുന്ന കാത്തിരുപ്പിൽ,
സുഷുമ്നാഗ്രത്തിൽ അർബ്ബുദകോശം
പെറ്റുപെരുകിയതിന്റെ നാലാം നാളിലോ?
രാസശാലയിൽ തിളയ്ക്കുന്ന രസനാളം
പനിപ്പടർപ്പിലെ കള്ളിമുള്ളായ് നീന്തിയ
ഓർമ്മനാശിനിത്തീരത്തെ മണമുകുളത്തിലോ?

അനുഭവമാനത്തിന്റെ അതിതീക്ഷ്ണ സുഖലേപനം
സിഗററ്റുകൂടിലെ അലുമിനിയത്തുണ്ടു മിന്നലിൽ
കാരത്തിന്റെ ക്ഷാരനീരോട്ടത്തിൽ കുമിൾപ്പതപ്പായ്
നീലമരുന്നുകുപ്പിയിലെ മേലാങ്കനം കടന്നുപൊന്തിയ
നിറബലൂൺപോലെ നീലഗഗന പൊങ്ങുതടിയോ?

കയ്യടക്കക്കാരന്റെ മനസ്സിലുദിച്ച വർണ്ണച്ഛായങ്ങൾ –
അടുക്കളയിലെ വിന്നാഗിരിയമ്ലം രസന രസിച്ചതും
അലക്കുപുരയിലെ നുരസ്സുരസ്സോപ്പുപതയിൽ തകർന്നതും –
ലിറ്റ്മസ്ചോപ്പനെ നീലിപ്പിക്കുന്ന നിശിത നിഗളിപ്പിൽ
ശുക്ലപക്ഷ രതിരേതസ്സിന്റെ നിറംമാറ്റങ്ങളുടെ രാവോ?

സൈബർ സ്പേസിലെ സ്ഥലധാരാളിത്തത്തിൽ മയങ്ങാതെ
അംഗുലീരസ പരിമിതിയുടെ ചിഹ്നസ്വരൂപം ഉണർത്തുന്ന
കരുത്തോലനാരുണങ്ങിയ മൃദുലനൂലിൽ കുരുത്ത വ്രണങ്ങൾ
വചസ്സിൽ വട്ടം ചാർത്തി രസധ്വനിസ്സിദ്ധാന്ത പടുവടുക്കളോ?
****